മാതൃഭൂമി

22 January 2018

# കടലിൽ നിന്ന് ഔഷധ നിർമാണം; പരിശീലനവുമായി സി.എം.എഫ്.ആർ.ഐ.

## വിന്റർ സ്കൂളിന് നാളെ തുടക്കമാകും

**കൊച്ചി** ▸ കടൽജീവികളിൽ നിന്നുള്ള ഔഷധ നിർമാണ ഗവേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗവേഷകർക്ക് പരിശീലനവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.). ആരോഗ്യമരുന്നുത്പാദന രംഗത്ത് ഏറെ സാധ്യതകളുണ്ടെന്ന് തെളിയിക്കപ്പെട്ട കടൽജീവികളിലടങ്ങിയ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടാണ് പരിശീലനം. രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും 25 ഗവേഷകർക്ക് വിന്റർ സ്കൂളിൽ പരിശീലനം നൽകും.

മറൈൻ ബയോടെക്നോളജി വിഭാഗം നടത്തുന്ന വിന്റർ സ്കൂൾ 21 ദിവസം നീണ്ടുനിൽക്കും. ചൊവ്വാഴ്ച 10.30ന് കേന്ദ്ര ബയോടെക്നോളജി വകുപ്പ് മുൻ സെക്രട്ടറി ഡോ. മഞ്ജു ശർമ്മ വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്യും.